**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വർധിച്ച് വരുന്ന ശിശു മരണനിരക്കിനെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അട്ടപ്പാടിയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മറ്റും ആക്ഷേപങ്ങളുണ്ടായതിനെ തുടർന്ന് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും വിവിധ സംഘടനാ പ്രതിനിധികളുടെയും യോഗം ചേരുകയും അട്ടപ്പാടിയുടെ സമഗ്രമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവ ചേർന്ന് സംയോജിത ഇടപെടലാണ് അട്ടപ്പാടിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിൽ വകുപ്പ് മുഖേന നടത്തുന്ന ആരോഗ്യ, പോഷക ക്ഷേമപ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ (ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷ്യൻ) കൺസൾട്ടന്റിനെ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ പട്ടികവർഗ ക്ഷേമ വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ എൻ.ജി.ഒ. സംഘടനകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശം നൽകുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ